# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം
2011 ഒക്ടോബര്‍ 31 തിങ്കള്‍
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങള്‍
(ആകെ ചോദ്യങ്ങള്‍ -306)

| മറുപടി നല്‍കുന്ന മന്ത്രിമാര്‍ | ചോദ്യനമ്പര്‍ |
|---|---|
| ഊര്‍ജ്ജ വകുപ്പുമന്ത്രി | : 6152 മുതല്‍ 6221 വരെ |
| പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി | : 6222 മുതല്‍ 6324 വരെ |
| വനവും സ്പോര്‍ട്സും സിനിമയും വകുപ്പുമന്ത്രി | : 6325 മുതല്‍ 6382 വരെ |
| വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി | : 6383 മുതല്‍ 6457 വരെ |

### അടച്ചിട്ടിരിക്കുന്ന വൈദ്യുത നിലയങ്ങള്‍

6152 ശ്രീ. കെ. ദാസന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേന്ദ്ര അനുമതി ലഭിക്കാതെ മുടങ്ങിക്കിടക്കുന്ന സംസ്ഥാനത്തെ വൈദ്യുത പദ്ധതികള്‍ ഏതെല്ലാമാണ്;

(ബി) സംസ്ഥാനം നേരിടുന്ന വൈദ്യുതി കമ്മിയും അനുബന്ധ പ്രശ്നങ്ങളും സംസ്ഥാന സര്‍ക്കാര്‍ കേന്ദ്രത്തിന്റെ ശ്രദ്ധയില്‍ കൊണ്ടുവന്നിട്ടുണ്ടോ;

(സി) മുഖ്യമന്ത്രിയോ ഊര്‍ജ്ജമന്ത്രിയോ ഇതു സംബന്ധിച്ച് എന്തെങ്കിലും കൂടിയാലോചനകള്‍ കേന്ദ്രവുമായി നടത്തിയിട്ടുണ്ടോ; എങ്കില്‍ അതിന്റെ വിശദാംശം വ്യക്തമാക്കുമോ;

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

(ഡി) സംസ്ഥാനത്ത് അടച്ചിട്ടിരിക്കുന്ന വൈദ്യുത നിലയങ്ങൾ ഏതെല്ലാമാണ്; അടിയന്തിരമായി അവ തുറന്ന് പ്രവർത്തിക്കാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 31.10.2011-ലെ മറുപടിക്ക്

<u>വൈദ്യുത പ്രതിസന്ധി</u>

6153 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആന്ധ്രയിലെ രാമഗുണ്ടം വൈദ്യുത നിലയത്തിൽ നിന്ന് ലഭിച്ചുകൊണ്ടിരുന്ന വൈദ്യുതി മുടങ്ങാൻ കാരണമെന്ത്;

(ബി) രാമഗുണ്ടത്തുനിന്നും സംസ്ഥാനത്തിന് വീണ്ടും വൈദ്യുതി ലഭിച്ച് തുടങ്ങിയിട്ടുണ്ടോ; എങ്കിൽ എന്നു മുതൽക്കാണ് ലഭിച്ചു തുടങ്ങിയതെന്ന് വ്യക്തമാക്കാമോ;

(സി) എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഇവിടെ നിന്ന് സംസ്ഥാനത്തിന് ലഭിക്കുകയെന്ന് വിശദമാക്കാമോ;

(ഡി) ഇത് കൂടാതെ സംസ്ഥാനത്തിന് പുറത്തുള്ള ഏതൊക്കെ വൈദ്യുതി നിലയങ്ങളിൽ നിന്നും കേന്ദ്രപൂളിൽ നിന്നും എത്ര മെഗാവാട്ട് വീതം വൈദ്യുതി സംസ്ഥാനത്തിന് ലഭിക്കുന്നുണ്ട്;

(ഇ) വൈദ്യുതി ലഭ്യതയിൽ ഈയിടെയുണ്ടായ കുറവ് എത്രയാണെന്ന് വ്യക്തമാക്കുമോ;

(എഫ്) പ്രതിസന്ധി മറികടക്കാനായി ഏതൊക്കെ മാർഗ്ഗങ്ങളിലൂടെയാണ് വൈദ്യുതി സംഭരിച്ചതെന്ന് വ്യക്തമാക്കാമോ;

(ജി) ആയതിന് എത്ര തുക ചെലവായി; വൈദ്യുത പ്രതിസന്ധി പൂർണമായും മറികടക്കാവുന്ന സാഹചര്യം കെ. എസ്. ഇ. ബി.ക്ക് ഇപ്പോൾ കൈവന്നിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>അന്യസംസ്ഥാനങ്ങളിൽ നിന്ന് വൈദ്യുതി</u>

6154 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഏതെല്ലാം സംസ്ഥാനങ്ങളിൽ നിന്നും വൈദ്യുതി വാങ്ങിയിട്ടുണ്ട് ;

(ബി) പ്രസ്തുത വൈദ്യുതിക്ക് സാധാരണ വിലയിൽ നിന്നും എത്ര തുക അധിക വില നൽകേണ്ടി വന്നിട്ടുണ്ട് ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>വൈദ്യുതിയുടെ കേന്ദ്രവിഹിതം</u>

6155 ശ്രീ.മാത്യു റ്റി. തോമസ്
,, ജോസ് തെറ്റയിൽ
,, സി. കെ. നാണു
ശ്രീമതി. ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്രപൂളിൽ നിന്നും സംസ്ഥാനത്തിന് വൈദ്യുതി ലഭ്യമാക്കുന്നതിൽ വീഴ്ച വരുന്നകാര്യം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) എത്ര മെഗാ വാട്ട് വൈദ്യുതിയാണ് സംസ്ഥാനത്തിന് അർഹതയുള്ളത്;

(സി) ഇതിൽ സംസ്ഥാനത്തിന് ലഭ്യമാക്കുന്നത് ശരാശരി എത്ര മെഗാവാട്ടാണ് എന്ന് വെളിപ്പെടുത്താമോ ;

(ഡി) ഈ സർക്കാർ അധികാരമേറ്റ ശേഷം കേന്ദ്രപൂളിൽ നിന്നും വൈദ്യുതി ഏറ്റവും കുറച്ച് ലഭിച്ചത് എന്നായിരുന്നു ; എങ്കിൽ എത്രയായിരുന്നുവെന്ന് വ്യക്തമാക്കാമോ ;

(ഇ) സംസ്ഥാനത്ത് അപ്രഖ്യാപിത പവർകട്ട് ഒഴിവാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>ആർ. ജി. ജി.വി. വൈ. പദ്ധതി</u>

6156 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ യോജന (ആർ. ജി. ജി. വി. വൈ.) പദ്ധതി പ്രകാരം 31.03.2011 വരെ എത്ര കോടി രൂപയുടെ അംഗീകാരമാണ് ലഭിച്ചിട്ടുള്ളത്;

(ബി) ഇതിൽ എത്ര രൂപ ചെലവഴിച്ചു;

(സി) പ്രസ്തുത പദ്ധതി പ്രകാരം ലക്ഷ്യമിട്ടതും, കൈവരിച്ചതുമായ വിവരങ്ങൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>രാജീവ് ഗാന്ധി ഗ്രാമീണ്‍ വൈദ്യുതീകരണ്‍ യോജന</u>

6157 ശ്രീ. എം. വി. ശ്രേയാംസ്കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് എന്നുമുതലാണ് രാജീവ് ഗാന്ധി ഗ്രാമീണ്‍ വൈദ്യുതീകരണ്‍ യോജന പദ്ധതി നടപ്പിലാക്കിയതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിപ്രകാരം വയനാട് ജില്ലയില്‍ നടപ്പാക്കിയ പ്രവര്‍ത്തനങ്ങള്‍ വിലയിരുത്തിയിട്ടുണ്ടോ;

(സി) പുതുക്കിയ ഡി. പി. ആര്‍. പ്രകാരം വയനാട് ജില്ലയില്‍ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തികള്‍ ഏതെല്ലാമെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>കായംകുളം താപനിലയം</u>

6158 ശ്രീ. സി. ദിവാകരൻ
,, ജി. എസ്. ജയലാൽ
,, പി. തിലോത്തമൻ
,, കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായംകുളം താപനിലയത്തിൽ ഇപ്പോൾ വൈദ്യുത ഉല്പാദനം നടക്കുന്നുണ്ടോ; ഇല്ലെങ്കിൽ എത്ര മാസമായി പ്ലാന്റുകൾ അടച്ചിട്ടിരിക്കുകയാണ്;

(ബി) ഈ നിലയത്തിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കാതിരിക്കാനുള്ള കാരണം വ്യക്തമാക്കുമോ; പ്രസ്തുത നിലയത്തിൽ നിന്നും ഉല്പാദനം നടന്നാലും ഇല്ലെങ്കിലും വൈദ്യുതി ബോർഡ് പ്രതിദിനം എത്ര ലക്ഷം രൂപ എൻ. ടി. പി. സി. യ്ക്ക് സ്ഥിര വൈദ്യുത വിലയിനത്തിൽ നൽകുന്നുണ്ട് ;

(സി) പ്രസ്തുത നിലയം എപ്പോൾ വീണ്ടും പ്രവർത്തനക്ഷമമാകുമെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>ജലവൈദ്യുത പദ്ധതികൾ</u>

6159 ശ്രീ. എ.കെ. ബാലൻ
,, രാജു എബ്രഹാം
,, കെ.കെ. ജയചന്ദ്രൻ
,, ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി സ്വയംപര്യാപ്തത കൈവരിക്കാൻ സഹായകമാകുന്ന പുതിയ ജലവൈദ്യുത പദ്ധതികൾ ഏതൊക്കെയാണ്;

(ബി) ഇതിൽ കേന്ദ്രസർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുള്ളവ ഏതൊക്കെയാണ്;

(സി) ഏതെല്ലാം വർഷങ്ങളിൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ച പദ്ധതികളാണിവ;

(ഡി) നിർദ്ദിഷ്ട പദ്ധതികളിലൂടെയുള്ള മൊത്തം ഉൽപാദന ലക്ഷ്യം എത്ര മെഗാവാട്ട് വൈദ്യുതിയാണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>ജലസമ്പത്തും വൈദ്യുതോല്‍പ്പാദനവും</u>

6160 ശ്രീ. പി. ബി. അബ്ദുള്‍ റസാക്
,, പി. ഉബൈദുള്ള
,, എം. പി. അബ്ദുസ്സമദ് സമദാനി
,, എന്‍. ഷംസുദ്ദീന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാന വൈദ്യുതി വകുപ്പിനു കീഴിലെ ഡാമുകളില്‍ ഇപ്പോഴുള്ള ജലസമ്പത്ത് പരമാവധി പ്രയോജനപ്പെടുത്തുവാന്‍ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കുമോ;

(ബി) ഡാമുകളെല്ലാം ഏറെക്കുറെ നിറഞ്ഞ അവസ്ഥയിലാണെങ്കിലും അതുപയോഗിച്ച് പരമാവധി വൈദ്യുതി ഉല്പാദിപ്പിക്കാനാവാത്ത സ്ഥിതി വിശേഷം നിലനില്‍ക്കുന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(സി) ജനറേറ്ററുകളെല്ലാം പ്രവര്‍ത്തിപ്പിക്കാനാവാത്തതിന്റെ കാരണങ്ങള്‍ പരിശോധിച്ചിട്ടുണ്ടോ; എങ്കില്‍ വിശദമാക്കുമോ?

# കേരള നിയമസഭ
# 31.10.2011-ലെ മറുപടിക്ക്

ജലവൈദ്യുത പദ്ധതികൾ

6161

ശ്രീ. സി. ദിവാകരൻ
,, ഇ. കെ. വിജയൻ
,, ചിറ്റയം ഗോപകുമാർ
ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി സ്വയംപര്യാപ്തത കൈവരിക്കാൻ സഹായിക്കുന്ന ജലവൈദ്യുത പദ്ധതികൾ കേന്ദ്ര അനുമതിയ്ക്കായി നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര പദ്ധതികൾ എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ ഏതെല്ലാം വർഷങ്ങളിലാണ് കേന്ദ്രാനുമതിയ്ക്കു വേണ്ടി സമർപ്പിച്ചിട്ടുള്ളത്;

(സി) കേന്ദ്രാനുമതിയ്ക്ക് സമർപ്പിച്ചിട്ടുള്ള പദ്ധതികളുടെ ആകെ ഉല്പാദന ലക്ഷ്യം എത്രയാണ്;

(ഡി) അനുമതി ലഭിക്കാത്ത പദ്ധതികൾക്ക് അനുമതി നൽകാതിരിക്കാൻ കേന്ദ്ര ഗവൺമെന്റ് പറയുന്ന അഭിപ്രായങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
# 31.10.2011-ലെ മറുപടിക്ക്

<u>കുടിവെള്ള പദ്ധതികളുടെ വൈദ്യുതി കണക്ഷൻ</u>

6162 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുടിവെള്ള പദ്ധതികളുടെ വൈദ്യുതി കണക്ഷൻ വിഛേദിക്കുന്നത് കൊണ്ട് ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ പ്രശ്നം പരിഹരിക്കുവാൻ എന്ത് സംവിധാനമാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) ഈ പ്രശ്നം പരിഹരിക്കുന്നതിനായി വാട്ടർ അതോറിറ്റിയും കെ. എസ്. ഇ. ബി. യും ചേർന്ന് ഒരു സ്ഥിരം സംവിധാനത്തിന് രൂപം നൽകാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 31.10.2011-ലെ മറുപടിക്ക്

<u>വൈദ്യുതി മോഷണം</u>

6163 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം വൈദ്യുതി ദുരുപയോഗം ചെയ്തതിന് എത്ര പേർക്കെതിരെ നടപടി എടുത്തിട്ടുണ്ട് ;

(ബി) വൈദ്യുതി മോഷണവുമായി ബന്ധപ്പെട്ട് എത്ര രൂപ പിഴ ഈടാക്കിയിട്ടുണ്ട് ;

(സി) വിശദാംശം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>വൈദ്യുതി വാങ്ങുന്നതിന് കരാറിൽ ഏർപ്പെട്ടിരുന്ന കമ്പനികൾ</u>

6164 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് വൈദ്യുതി വാങ്ങുന്നതിന് ഏതെങ്കിലും കമ്പനിയുമായി കരാർ ഉണ്ടാക്കിയിട്ടുണ്ടോ; കമ്പനിയേത് വ്യക്തമാക്കാമോ; എത്ര രൂപ നിരക്കിൽ വൈദ്യുതി വാങ്ങാനായിരുന്നു കരാർ; കരാറിന്റെ വ്യവസ്ഥകൾ എന്തെല്ലാമായിരുന്നു ;

(ബി) ഈ സർക്കാർ കരാറുണ്ടാക്കിയിരിക്കുന്നത് ഏത് കമ്പനികളുമായിട്ടാണ് എന്ന് വ്യക്തമാക്കാമോ; പ്രസ്തുത കമ്പനികളുമായി ഏർപ്പെട്ടിരിക്കുന്ന കരാറിന്റെ വ്യവസ്ഥകൾ എന്തെല്ലാമാണ് എന്ന് വിശദമാക്കാമോ;

(സി) പ്രസരണ നഷ്ടം ഒഴിവാക്കാൻ മുൻ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാം എന്ന് വിശദമാക്കാമോ; എത്ര വീടുകളിൽ സി.എഫ്.എൽ. ബൾബുകൾ മുൻ സർക്കാരിന്റെ കാലത്ത് നൽകി എന്ന് വ്യക്തമാക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതി പ്രസരണ നഷ്ടം ഒഴിവാക്കാൻ കൊണ്ടുവന്ന പുതിയ പദ്ധതികൾ ഏതെല്ലാം എന്ന് വിശദമാക്കാമോ; പ്രസ്തുത പദ്ധതികൾക്ക് ബജറ്റിൽ എത്ര രൂപ നീക്കി വച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

ലോഡ് ഷെഡ്ഡിംഗ് ഒഴിവാക്കാൻ നടപടി

6165 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലസംഭരണികളിൽ ആവശ്യത്തിന് ജലം ഉണ്ടായിട്ടും ലോഡ് ഷെഡ്ഡിംഗ് വേണ്ടിവരുന്ന സാഹചര്യം ഒഴിവാക്കാനുള്ള നടപടി സ്വീകരിക്കുമോ;

(ബി) ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>കേന്ദ്രാവിഷ്കൃത പദ്ധതി</u>

6166 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടിക വിഭാഗങ്ങൾക്കും പിന്നോക്കക്കാർക്കും സൗജന്യമായും കുറഞ്ഞ നിരക്കിലും വൈദ്യുതി ലഭ്യമാക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ടുള്ള ഏതെങ്കിലും കേന്ദ്രാവിഷ്കൃത പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>അനെർട്ടും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ചേർന്ന് നടപ്പിലാക്കിയ പദ്ധതികൾ</u>

6167

ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അനെർട്ടും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ചേർന്ന് കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ നടപ്പിലാക്കിയ പരിപാടികൾ ഏതെല്ലാമെന്നും ഓരോന്നിനും എത്ര തുക വീതം ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ;

(ബി) നടപ്പ് സാമ്പത്തിക വർഷത്തിൽ അനെർട്ടും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ആയി ചേർന്ന് നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ള പരിപാടികൾ ഏതെല്ലാം; പ്രസ്തുത പരിപാടി തിരുവനന്തപുരം ജില്ലയിലെ ഏതെല്ലാം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്നാണ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>സമ്പൂർണ്ണ വൈദ്യുതീകരണം</u>

6168 ശ്രീ. കെ.കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം നിയോജക മണ്ഡലങ്ങളാണ് സമ്പൂർണ്ണ വൈദ്യുതീകരണം നടത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(ബി) ബാക്കിയുള്ള മണ്ഡലങ്ങളിൽ എന്ന് സമ്പൂർണ്ണ വൈദ്യുതീകരണം നടത്തുമെന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>കോട്ടക്കൽ മണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണം</u>

6169 ശ്രീ. എം.പി. അബ്ദുസ്സമദ് സമദാനി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തെ സമ്പൂർണ്ണമായി വൈദ്യുതീകരിക്കാനുള്ള നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിക്കാവശ്യമായ മെറ്റീരിയൽസിന്റെ ക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(ഡി) കോട്ടക്കൽ മണ്ഡലത്തെ സമ്പൂർണ്ണ വൈദ്യുതീകരണ മണ്ഡലമായി പ്രഖ്യാപിക്കാൻ എന്നത്തേക്ക് കഴിയുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>അമ്പലപ്പുഴ മണ്ഡലത്തിലെ പുതിയ വൈദ്യുത പദ്ധതികൾ</u>

6170 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നൂറുദിന കർമ്മ പരിപാടിയിലുൾപ്പെടുത്തി അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ ഊർജ്ജ വകുപ്പുമായി ബന്ധപ്പെട്ട ഏതെങ്കിലും പുതിയ പദ്ധതികളോ പരിപാടികളോ നടപ്പിലാക്കിയിട്ടുണ്ടോ ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ ;

(ബി) ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കിയ സമ്പൂർണ്ണ വൈദ്യുത പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ ; വിശദാംശം അറിയിക്കുമോ ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>വൈപ്പിൻ മണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണം</u>

6171 ശ്രീ.എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തെ സമ്പൂർണ്ണ വൈദ്യുതീകരണ മണ്ഡലമായി പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത മണ്ഡലത്തിൽ ഗാർഹിക ആവശ്യത്തിനുള്ള വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് കാലതാമസം നേരിടുന്നതുമൂലം ജനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ വൈദ്യുതി കണക്ഷൻ യഥാസമയം നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>സമ്പൂർണ്ണ ഊർജ്ജ സുരക്ഷാ മിഷൻ</u>

6172

ശ്രീ. സണ്ണി ജോസഫ്
,, ഷാഫി പറമ്പിൽ
,, എം. പി. വിൻസെന്റ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സമ്പൂർണ്ണ ഊർജ്ജ സുരക്ഷാ മിഷൻ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം;

(ബി) ഈ പദ്ധതി ഏത് ഏജൻസി വഴിയാണ് നടപ്പിലാക്കി വരുന്നത്;

(സി) ഈ സർക്കാർ അധികാരമേറ്റ ശേഷം പദ്ധതിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>ചാരുംമൂട് മേഖലയിൽ വോൾട്ടേജ് ക്ഷാമം</u>

6173 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാരുംമൂട് മേഖലയിലെ വോൾട്ടേജ് ക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വേടരപ്ലാവ്, പേരൂർകാരാണ്മ പ്രദേശത്ത് ട്രാൻസ്ഫോർമർ നിലവിലുണ്ടോ ; ഇല്ലെങ്കിൽ ആയത് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കുമോ ;

(സി) ചാരുംമൂട്ടിൽ കെ. എസ്. ഇ. ബി. ആഫീസ് സമുച്ചയം പണിയുന്നതിനായി ഏറ്റെടുത്ത സ്ഥലത്ത് കെട്ടിടം പണിയുന്നതിന് നിലവിൽ തടസ്സങ്ങളുണ്ടോ ; ഇല്ലെങ്കിൽ അടിയന്തിരമായി പണിയാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(ഡി) മാവേലിക്കര മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കിയിട്ടുണ്ടോ ;

(ഇ) ഇല്ലെങ്കിൽ, എത്ര വീടുകൾ ബാക്കിയുണ്ട് ; പഞ്ചായത്തടിസ്ഥാനത്തിൽ കണക്കുകൾ ലഭ്യമാക്കുമോ ;

(എഫ്) സമ്പൂർണ്ണ വൈദ്യുതീകരണം എന്ന് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ;

(ജി) മാവേലിക്കര മോഡൽ ഇലക്ട്രിസിറ്റി സെക്ഷനിലെ ജീവനക്കാരുടെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കുമോ ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>ലൈനുകളിൽ പ്രീ മൺസൂൺ മെയിന്റനൻസ്</u>

6174 ശ്രീ. വി. എസ്. സുനിൽ കുമാർ
,, ഇ. കെ. വിജയൻ
,, ജി. എസ്. ജയലാൽ
ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര കിലോമീറ്റർ 11 കെ.വി. ലൈനുകളും, എത്ര കിലോമീറ്റർ വൈദ്യുതി വിതരണ ലൈനുകളുമുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ലൈനുകളിൽ പ്രീ മൺസൂൺ മെയിന്റനൻസ് നടത്താറുണ്ടോ; എങ്കിൽ എന്തെല്ലാം പ്രവൃത്തികളാണ് ഇതിലുൾപ്പെടുത്തി ചെയ്യുന്നതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

11 കെ. വി. ലൈൻ പോസ്റ്റുകളുടെ അപകടാവസ്ഥ

6175 ശ്രീ. സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി നിയോജകമണ്ഡലത്തിലൂടെ കടന്നുപോകുന്ന 11 കെ.വി ലൈനിനായി സ്ഥാപിച്ചിട്ടുള്ള വൈദ്യുതി പോസ്റ്റുകൾ തുരുമ്പിച്ച് നിലം പതിക്കാറായിട്ടുള്ളവയാണെന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) അപകടാവസ്ഥയിലുള്ള ഈ പോസ്റ്റുകൾ അടിയന്തിരമായി മാറ്റി സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>അങ്കമാലി നിയോജക മണ്ഡലത്തിൽ വൈദ്യുതി വിതരണത്തിലെ തകരാർ</u>

6176 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജക മണ്ഡലത്തിൽ മാണിക്കമംഗലം ആര്യപ്പാറ ട്രാൻസ്ഫോമറിൽ നിന്നും വൈദ്യുതി ഉപയോഗിക്കുന്ന ഉപഭോക്താക്കൾ വൈദ്യുതി വിതരണത്തിലെ തകരാർ പരിഹരിച്ചു കിട്ടുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ;

(ബി) ഈ മേഖലയിലെ വൈദ്യുത വിതരണത്തിലെ തകരാറിനും ഇത് പരിഹരിക്കുന്നതിലെ കാലതാമസത്തിനുമുള്ള കാരണം വിശദമാക്കാമോ ;

(സി) വൈദ്യുതി തകരാർ എന്ന് പരിഹരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>എഴുപുന്നയിൽ വൈദ്യുതി ഓഫീസ്</u>

6177 ശ്രീ. എ. എം. ആരീഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അരൂർ, എഴുപുന്ന പഞ്ചായത്തുകളിൽ എത്ര വൈദ്യുതി ഉപഭോക്താക്കളാണുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) വൈദ്യുതി ബിൽ അടയ്ക്കുന്നതിനും മറ്റുമായി എഴുപുന്ന പഞ്ചായത്തിന്റെ തെക്കേ അറ്റത്തു നിന്നും ഉപഭോക്താക്കൾ അരൂരിൽ എത്തേണ്ട ബുദ്ധിമുട്ടുകൾ പരിഗണിച്ച് എഴുപുന്ന പഞ്ചായത്തിൽ വൈദ്യുതി ബോർഡിന്റെ ഒരു ഓഫീസ് ആരംഭിക്കുമോ ;

(സി) അരൂർ മണ്ഡലത്തിൽ എവിടെയെല്ലാമാണ് വോൾട്ടേജ് ക്ഷാമം അനുവഭപ്പെടുന്നത് ;

(ഡി) വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>തിരുവമ്പാടി നിയോജക മണ്ഡലത്തിൽ ട്രാൻസ്ഫോർമർ</u>

6178 ശ്രീ. സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി നിയോജക മണ്ഡലത്തിലെ കാരശ്ശേരി ഗ്രാമ പഞ്ചായത്തിലെ വലിയ പറമ്പ് കരിമ്പനക്കണ്ടിയിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇക്കാര്യത്തിലുണ്ടായ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത ട്രാൻസ്ഫോർമർ എന്ന് കമ്മീഷൻ ചെയ്യാനാകുമെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>എനർജി മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്</u>

6179 ശ്രീ.കെ. മുരളീധരൻ
,, വി. ഡി. സതീശൻ
,, വർക്കല കഹാർ
,, കെ. അച്ചുതൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എനർജി മാനേജ്മെന്റ് ഇൻസ്റ്റി റ്റ്യൂട്ട് സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഈ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതിയും എങ്ങനെയാണ് ;

(സി) ഇത് എവിടെയാണ് സ്ഥാപിക്കാനുദ്ദേശിക്കുന്നത് ;

(ഡി) ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിർമ്മാണ പ്രവർത്തനം തുടങ്ങിയിട്ടുണ്ടോ ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>ഊർജ്ജസംരക്ഷണം</u>

6180 ശ്രീ. ഐ. സി. ബാലകൃഷ്ണൻ
,, വി. റ്റി. ബൽറാം
,, എം. എ വാഹിദ്
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ പ്രചരിപ്പിക്കുന്നതിന് ഇ.എം.സി കൈകൊണ്ടിട്ടുള്ള നടപികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഊർജ്ജസംരക്ഷണ മേഖലയിൽ പ്രവർത്തിക്കുന്ന ഉപഭോക്താക്കൾക്ക് വൈദ്യുതിബോർഡ് എന്തെല്ലാം പ്രോത്സാഹനങ്ങളാണ് നൽകിവരുന്നത്;

(സി) ഊർജ്ജസംരക്ഷണത്തിനായി സെമിനാറുകൾ/ചർച്ചകൾ തുടങ്ങിയവ സംഘടിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>ഊർജ്ജ ദുർവ്യയം</u>

6181 ഡോ. ടി.എം. തോമസ് ഐസക്
ശ്രീ. വി. ശിവൻകുട്ടി
ശ്രീമതി. പി. അയിഷാ പോറ്റി
ശ്രീ. എ.എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഊർജ്ജ ദുർവ്യയം ഒഴിവാക്കുന്നതിന് ലക്ഷ്യമിട്ട പദ്ധതികളും പരിപാടികളും വിശദമാക്കാമോ;

(ബി) ഊർജ്ജ ദുർവ്യയം ഒഴിവാക്കുന്നതിന് പരീക്ഷണമെന്ന നിലയിൽ 2011-ൽ ആരംഭിച്ച എസ്കോ മോഡൽ പരിപാടി അവലോകനം ചെയ്യുകയുണ്ടായോ; ഏതെല്ലാം സ്ഥലങ്ങളിലായിരുന്നു ഇത് നടപ്പിലാക്കിയിരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) സർക്കാർ ഓഫീസുകളിലേയും സ്ഥാപനങ്ങളിലേയും ഊർജ്ജ ദുർവ്യയം ഒഴിവാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

ഊര്‍ജ്ജ ഉല്‍പാദനത്തില്‍ സംസ്ഥാനം നേരിടുന്ന
വെല്ലുവിളികള്‍

6182 ശ്രീ. എം. വി. ശ്രേയാംസ് കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജ വകുപ്പു മന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഊര്‍ജ്ജ ഉല്‍പാദനത്തില്‍ സംസ്ഥാനം ഇന്ന് നേരിടുന്ന പ്രധാന വെല്ലുവിളികള്‍ എന്തെല്ലാമാണ് ;

(ബി) പ്രസ്തുത വെല്ലുവിളികള്‍ നേരിടുന്നതിന് എന്തെല്ലാം നടപടികള്‍ സ്വീകരിക്കാനാണുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി വ്യവസായ മേഖലയില്‍ നൂതന സംരംഭങ്ങള്‍ ആരംഭിക്കുന്നതിനാവശ്യമായ വൈദ്യുതി ലഭ്യമാക്കുന്നതിന് സ്വീകരിച്ച
നടപടികള്‍ വിശദമാക്കുമോ ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>വൈദ്യുതി നിയന്ത്രണം</u>

6183

ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതിയതായി എന്തെല്ലാം നിയന്ത്രണങ്ങളാണ് ഊർജ്ജ മേഖലയിൽ നടപ്പിലാക്കാൻ ഉദ്ദേശിയ്ക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) വൈദ്യുതി ചാർജ് വർദ്ധിപ്പിയ്ക്കുവാൻ ഉദ്ദേശിയ്ക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

കെ.എസ്.ഇ.ബി. പുന:സംഘടന

6184 ശ്രീ.ജി.എസ്.ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. യുടെ പുന:സംഘടനയെപ്പറ്റി പഠിക്കുന്നതിന് ഗവൺമെന്റ് നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്മേൽ എന്ത് തുടർ നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ;

(ബി) കെ.എസ്.ഇ.ബി. പുന:സംഘടനയുമായി ബന്ധപ്പെട്ട് ജീവനക്കാരുടെ ആർജ്ജിത ആനുകൂല്യങ്ങളും, പെൻഷൻ വ്യവസ്ഥകളും സംബന്ധിച്ച് കമ്മിറ്റി റിപ്പോർട്ടിൽ പരാമർശിക്കും പോലെ നിയമാസനുസൃത തൃകക്ഷി ഉടമ്പടി ഉണ്ടാക്കുവാൻ നടപടി സ്വീകരിയ്ക്കുമോ ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

മീറ്റർ റീഡർമാരുടെ ദിവസ വേതനം

6185 ശ്രീ.സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിസിറ്റി ബോർഡിൽ പി. ഡബ്ള്യു. ഡി. കോൺട്രാക്റ്റ് പ്രകാരം നിയമനം നൽകിയ മീറ്റർ റീഡർമാർക്ക് എല്ലാ ജില്ലകളിലും നൽകുന്ന ദിവസ വേതനം തുല്യമാണോ;

(ബി) ദിവസവേതനം ഏകീകരിക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) മീറ്റർ റീഡർമാർക്ക് നൽകുന്ന ദിവസവേതനം എത്ര രൂപയാണ്?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>വൈദ്യുതി ബോർഡിലെ സ്റ്റാഫ്</u>

6186 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിൽ എഞ്ചിനീയർമാരുടെ നിയമനത്തിന് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) വൈദ്യുതി ബോർഡിൽ നിലവിൽ എത്ര സബ് എഞ്ചിനീയർമാരുടെയും അസിസ്റ്റന്റ് എഞ്ചിനീയർമാരുടെയും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടേയും തസ്തികകൾ ഉണ്ട്;

(സി) ഓരോ വിഭാഗത്തിലും എത്രവീതം തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട് ജില്ല തിരിച്ച് കണക്ക് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

കാസർഗോഡ് സബ്ഡിവിഷനിൽ വിവിധ ഒഴിവുകൾ

6187 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ഇലക്ട്രിക്കൽ സബ്ഡിവിഷനിൽ അസിസ്റ്റന്റ് എഞ്ചിനീയർ, സബ് എഞ്ചിനീയർ, ഓവർസീയർ, ലൈൻമാൻ, ഇലക്ട്രിസിറ്റി വർക്കർ, സീനിയർ സൂപ്രണ്ട്, സീനിയർ അസിസ്റ്റന്റ്, കാഷ്യർ, മീറ്റർ റീഡർ എന്നീ തസ്തികകളിൽ എത്ര ഒഴിവുകളുണ്ട്; ഈ ഒഴിവുകൾ എന്നാണ് നിലവിൽ വന്നതെന്നും ഒഴിവുകൾ നികത്താൻ എന്തു നടപടികളാണ് സ്വീകരിച്ചു വരുന്നതെന്നും വ്യക്തമാക്കാമോ;

(ബി) ഈ ഒഴിവുകൾ മൂലം കാസർഗോഡ് മാത്രം അപ്രഖ്യാപിത ലോഡ്ഷെഡ്ഡിംഗ് അനുഭവപ്പെടുന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കാസർഗോഡ് ജില്ലയിൽ ജോലി ചെയ്യാൻ ഉദ്യോഗസ്ഥർ വിമുഖത കാട്ടുന്നുണ്ടോ; കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>ഫെയർ കോപ്പി അസിസ്റ്റന്റുമാരുടെ ഒഴിവുകൾ</u>

6188 ശ്രീ. റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ ജൂനിയർ ഫെയർ കോപ്പി അസിസ്റ്റന്റുമാരുടെ എത്ര ഒഴിവുകളാണ് നിലവിലുള്ളത്;

(ബി) ഈ ഒഴിവുകൾ യഥാസമയം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഒഴിവുകൾ അടിയന്തിരമായി പി.എസ്. സി.ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

ഇലക്ട്രിസിറ്റി ബോർഡിലെ ശമ്പള പരിഷ്ക്കരണം

6189 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിസിറ്റി ബോർഡിലെ വർക്ക്മെൻ കാറ്റഗറിക്ക് ശമ്പള പരിഷ്ക്കരണം നടപ്പാക്കിയെങ്കിലും ഓഫീസർ തസ്തികയിൽ ശമ്പള പരിഷ്ക്കരണം നടപ്പാക്കിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ വിഷയം ഉന്നയിച്ച് കേരള ഇലക്ട്രിസിറ്റി ഓഫീസേഴ്സ് ഫെഡറേഷൻ ഉൾപ്പെടെയുള്ള സംഘടനകൾ നടത്തുന്ന പ്രക്ഷോഭങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഓഫീസർ ഗ്രേഡിലുള്ളവരുടെ ശമ്പള പരിഷ്ക്കരണം എന്ന് നടപ്പിലാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ;

(ഡി) ശമ്പള പരിഷ്ക്കരണം നടപ്പിലാക്കുമ്പോൾ കുടിശ്ശിക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

മസ്ദൂർ - ലൈൻമാൻ തസ്തികകളിലെ ഒഴിവുകൾ

6190 ഡോ. ടി. എം. തോമസ് ഐസക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മസ്ദൂർ-ലൈൻമാൻ തസ്തികകളിലെ ഒഴിവുകൾ മുഴുവൻ നികത്തിയും താഴ്ന്ന വിഭാഗങ്ങളിൽ കൂടുതൽ തസ്തികകൾ സൃഷ്ടിച്ചും കെ. എസ്. ഇ. ബി.യുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) സംസ്ഥാനത്ത് മസ്ദൂർ-ലൈൻമാൻ തസ്തികകളിൽ നിലവിലുള്ള ഒഴിവുകളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) താഴ്ന്ന തസ്തികകളിൽ കൂടുതൽ നിയമനം നടത്തി ബോർഡിന് ലാഭകരമായ പ്രവർത്തനങ്ങൾ നല്ല നിലയിൽ നടത്തുന്നതിന് നടപടി ഉണ്ടാകുമോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>കെ.എസ്.ഇ. ബിയിലെ ആശ്രിത നിയമനം</u>

6191 ശ്രീ. ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ വൈദ്യുതി അപകടത്തെ തുടർന്നും മറ്റും മരണമടഞ്ഞ ജീവനക്കാരുടെ ആശ്രിത നിയമനവുമായി ബന്ധപ്പെട്ട് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇവരിൽ എത്രപേർക്ക് ജോലി നൽകി എന്നും എത്ര അപേക്ഷകൾ പരഗണനയിലുണ്ട് എന്നും വ്യക്തമാക്കാമോ;

(സി) വൈദ്യുതി ബോർഡിൽ ജോലിയിലിരിക്കെ മരിച്ചവരുടെ ആശ്രിതർക്ക് നിയമനം നൽകുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നറിയിക്കാമോ;

(ഡി) സംസ്ഥാന വൈദ്യുതി ബോർഡിലെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലുള്ളവർക്ക് അർഹമായ പ്രൊമോഷൻ നൽകിയാൽ ഉണ്ടാകുന്ന ഒഴിവുകളിൽ ആശ്രിത നിയമനങ്ങൾ ഭൂരിഭാഗവും നടത്താൻ കഴിയും എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>മോണോറെയിൽ സംബന്ധിച്ച സാദ്ധ്യത പഠനങ്ങൾ</u>

6192 ശ്രീ.എ. പി. അബ്ദുള്ളക്കുട്ടി
,, ഡൊമിനിക് പ്രസന്റേഷൻ
,, റ്റി. എൻ. പ്രതാപൻ
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മോണോറെയിൽ നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ കൈകൊണ്ടിട്ടുണ്ട്;

(ബി) ഏതെല്ലാം നഗരങ്ങളിലാണ് ആയത് നടപ്പാക്കുന്നത് ;

(സി) ഇത് സംബന്ധിച്ച സാദ്ധ്യത പഠനങ്ങൾക്കുള്ള നടപടികൾ എവിടെവരെയായി എന്ന് വ്യക്തമാക്കുമോ ;

(ഡി) പഠന റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>റെയിൽ പാതകളിൽ മാലിന്യങ്ങൾ</u>

6193 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റെയിൽ പാതകളിൽ മാലിന്യങ്ങൾ കുന്നുകൂടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മാലിന്യങ്ങൾ നീക്കം ചെയ്യാത്തതുമൂലമുള്ള ഗുരുതരാവസ്ഥ പരിഹരിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ;

(സി) ട്രെയിനിൽ നിന്നും നേരിട്ട് വിസർജ്യവസ്തുക്കൾ പാളങ്ങളിൽ നിക്ഷേപിക്കുന്നതിനെതിരെ നടപടി സ്വീകരിക്കുമോ ;

(ഡി) പാതകളിൽ പ്ലാസ്റ്റിക്-ഖര മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് തടയാൻ സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ;

(ഇ) ഭക്ഷ്യ അവശിഷ്ടങ്ങളും മറ്റു മാലിന്യങ്ങളും റെയിൽ പാതകളിലേക്ക് നിക്ഷേപിക്കുന്നവർക്കെതിരെ നിയമപരമായ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>കൊല്ലങ്കോട് - തൃശ്ശൂർ റെയിൽവേ ലൈനിന്റെ പ്രവർത്തനം</u>

6194 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർവ്വെ പൂർത്തീകരിച്ച കൊല്ലങ്കോട് - തൃശ്ശൂർ റെയിൽവേ ലൈനിന്റെ പ്രവർത്തനം ഏത് ഘട്ടംവരെയായി എന്ന് വ്യക്തമാക്കുമോ ;

(ബി) ഇത് സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>റെയിൽവേ വികസനം</u>

6195

ശ്രീ. ഇ. പി. ജയരാജൻ
,, സി. കെ. സദാശിവൻ
,, എം. ചന്ദ്രൻ
,, വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ റെയിൽവേ വികസനത്തിനായുള്ള പദ്ധതികൾ അനന്തമായി നീണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പദ്ധതികളുടെ മുൻഗണനാ ക്രമത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധ ക്ഷണിക്കുന്നതിനും, സമ്മർദ്ദം ചെലുത്തുന്നതിനും തയ്യാറാകുമോ;

(സി) കേരളത്തിന്റെ മുൻഗണനാടിസ്ഥാനത്തിലുള്ള റെയിൽവേ വികസന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതികൾ ഓരോന്നിന്റെയും ഇപ്പോഴത്തെ അവസ്ഥ വിശദമാക്കാമോ ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>ചാലക്കുടി സ്റ്റേഷനിൽ സ്റ്റോപ്പ്</u>

6196 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 20 വർഷത്തിനുള്ളിൽ എത്ര തീവണ്ടികൾക്ക് ചാലക്കുടി സ്റ്റേഷനിൽ സ്റ്റോപ്പ് അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ചാലക്കുടി റെയിൽവേ സ്റ്റേഷനിൽ, കണ്ണൂർ-എറണാകുളം ഇന്റർസിറ്റി (16305, 16306), തിരുവനന്തപുരം-നേത്രാവതി കുർള എക്സ്പ്രസ്സ് (16346, 16345), തിരുവനന്തപുരം-കോഴിക്കോട് ജനശതാബ്ദി എക്സ്പ്രസ് (12076, 12075), ചെന്നൈ മെയിൽ സൂപ്പർഫാസ്റ്റ്, തിരുവനന്തപുരം- കോഴിക്കോട് ജനശതാബ്ദി (12082, 12081), എന്നീ ട്രെയിനുകൾക്ക് സ്റ്റോപ്പ് അനുവദിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ റെയിൽവേ മന്ത്രാലയത്തോട് ആവശ്യപ്പെടുമോ ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>ആർ. ജി. ജി.വൈ പദ്ധതി</u>

6197 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആർ. ജി. ജി. വൈ. പദ്ധതിപ്രകാരം വൈദ്യുതി കണക്ഷൻ നൽകുന്നതിനുവേണ്ടി ഏതെല്ലാം പ്രദേശങ്ങളിലാണ് ലൈനുകൾ വലിച്ചിരിക്കുന്നത്;

(ബി) ഈ പ്രവൃത്തികൾ കെ. എസ്. ഇ. ബി. ഏറ്റെടുക്കുന്നതിനു കാലതാമസം നേരിടുന്നുവെങ്കിൽ അതൊഴിവാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ;

(സി) ആർ. ജി. ജി. വൈ. പ്രവൃത്തികൾ കെ. എസ്. ഇ.ബി ഏറ്റെടുക്കാൻ കാലതാമസം നേരിടുന്നതിനാൽ സാധാരണ മുൻഗണനയിൽ നിന്നുള്ള അപേക്ഷയിൽ വൈദ്യുതി കണക്ഷൻ നൽകുന്നതിനു കാലതാമസം ഉണ്ടായിക്കൊണ്ടിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>വിദൂര ഗ്രാമീണ വൈദ്യുതീകരണ പദ്ധതി</u>

6198 ശ്രീ. ഇ.പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദൂര ഗ്രാമീണ വൈദ്യുതീകരണ പദ്ധതി പ്രകാരം നടപ്പു സാമ്പത്തിക വർഷം ഏതെല്ലാം ജില്ലകളിലെ ഏതെല്ലാം ഗ്രാമങ്ങളാണ് വൈദ്യുതീകരിക്കുവാൻ ഉദ്ദേശിച്ചിട്ടുളളതെന്നു വ്യക്തമാക്കുമോ;

(ബി) ഇതിനായി എത്ര തുക നീക്കിവച്ചിട്ടുണ്ടെന്നും വിദ്യുച്ഛക്തി ബോർഡ് ഈ പദ്ധതി പ്രകാരം ഓരോ ഗ്രാമത്തിനും എന്തെല്ലാം പശ്ചാത്തല സൗകര്യങ്ങൾ ലഭ്യമാക്കും എന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>വൈദ്യുതി കണക്ഷന്‍ അവകാശിയുടെ പേരിലേക്ക് മാറ്റുന്നതിനുള്ള ബുദ്ധിമുട്ട്</u>

6199 ശ്രീ. വി. ചെന്താമരാക്ഷന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വൈദ്യുതി ഉപഭോക്താവ് മരണപ്പെട്ടാല്‍ അവകാശിയുടെ പേരിലേക്ക് വൈദ്യുതി കണക്ഷന്‍ മാറ്റുന്നതിനുള്ള ബുദ്ധിമുട്ട് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) എങ്കില്‍ ആയത് പരിഹരിക്കുന്നതിന് ലളിതമായ നടപടിക്രമം സ്വീകരിക്കുന്നകാര്യം പരിഗണിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>ഇലക്ട്രിക്കൽ ഡിവിഷന്റെ കീഴിലുള്ള ജീവനക്കാർ</u>

6200 ശ്രീ. എം.എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി യിൽ ഓരോ ഇലക്ട്രിക്കൽ ഡിവിഷന്റെ കീഴിലും എത്ര കരാർ ജോലിക്കാരുണ്ട് ; എത്ര ഇലക്ട്രിക്കൽ ലൈൻ ജീവനക്കാർ ഉണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) മീറ്റർ റീഡിംഗ്, മീറ്റർ ടെസ്റ്റിംഗ്, ബില്ലിംഗ്, സബ്ബ് സ്റ്റേഷൻ, ജനറേറ്റിംഗ് സ്റ്റേഷൻ തുടങ്ങിയുള്ള മറ്റ് ഓരോ വിഭാഗങ്ങളിലും ഓരോ ഇലക്ട്രിക്കൽ ഡിവിഷനിലും, ട്രാൻസ്മിഷൻ, ജനറേറ്റർ ഡിവിഷൻ എന്നീ വിഭാഗങ്ങളിൽ എത്രപേർ കരാർ അടിസ്ഥാനത്തിൽ ജോലിചെയ്യുന്നുണ്ട് ; ഇവരുടെ ലിസ്റ്റ് ഡിവിഷൻ അടിസ്ഥാനത്തിൽ സൂക്ഷിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ സൂക്ഷിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(സി) 2006 ജനുവരി മുതൽ 2011 ആഗസ്റ്റ് വരെ ഓരോ മാസവും എത്രപേർ വൈദ്യുതി അപകടത്തിൽപ്പെട്ടു മരിച്ചിട്ടുണ്ട് ;

(ഡി) ഇതിൽ ഇലക്ട്രിസിറ്റി ജീവനക്കാർ എത്ര ; കരാർ തൊഴിലാളികൾ എത്ര ;

(ഇ) ഈ മരണ നിരക്ക് കുറയ്ക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>അപകടം സംഭിക്കുന്ന തൊഴിലാളികളുടെ കുടുംബങ്ങൾക്കുള്ള സഹായം</u>

6201 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ലൈനുകളിൽ ജോലി നോക്കുന്ന ലൈൻമാൻമാർക്കും, കരാർ തൊഴിലാളികൾക്കും അപകടം സംഭവിക്കുമ്പോൾ സർക്കാർ എന്ത് സഹായമാണ് നൽകിവരുന്നത്;

(ബി) ഇത്തരം അപകടംമൂലം മരണമടഞ്ഞ കരാർ തൊഴിലാളികളുടെ കുടുംബത്തെ സംരക്ഷിക്കുന്നതിനായി നിലവിൽ എന്തെങ്കിലും പദ്ധതികളുണ്ടോ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>വൈദ്യുതി കുടിശ്ശിക</u>

6202 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ വകുപ്പുകളും പൊതുമേഖലാ സ്ഥാപനങ്ങളും വൈദ്യുതി ചാർജ്ജ് ഇനത്തിൽ ബോർഡിനു കുടിശ്ശിക നൽകാനുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം സ്ഥാപനങ്ങളും ഓഫീസുകളുമാണ് കുടിശ്ശിക വരുത്തിയിട്ടുളളതെന്നും, തുകയും വെളിപ്പെടുത്താമോ;

(സി) കുടിശ്ശിക പിരിച്ചെടുക്കാൻ ബോർഡ് എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>വൈദ്യുതി മോഷണം</u>

6203 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര വൈദ്യുതി മോഷണക്കേസുകൾ കണ്ടെത്തിയിട്ടുണ്ട് ;

(ബി) വൈദ്യുതി മോഷണത്തിൽ ഏതെങ്കിലും പ്രമുഖ സ്ഥാപനങ്ങൾ ഉൾപ്പെട്ടിട്ടുണ്ടോ: വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>കൂടുതൽ വൈദ്യുത പദ്ധതികൾ</u>

6204 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വൈദ്യുതാവശ്യങ്ങൾക്ക് നിലവിലുള്ള ഉത്പാദനം വർദ്ധിപ്പിക്കേണ്ട ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കൂടുതൽ വൈദ്യുത പദ്ധതികൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) ജലവൈദ്യുത പദ്ധതികൾക്ക് അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ടോ;

(ഡി) പ്രസ്തുത സ്ഥലങ്ങളുടെ പരിശോധന നടത്തിയിട്ടുണ്ടോ;

(ഇ) എങ്കിൽ എവിടെയെല്ലാമെന്ന് വിശദീകരിക്കാമോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>കൂടംകുളം വൈദ്യുത പദ്ധതി</u>

6205 ഡോ. എൻ. ജയരാജ്
ശ്രീ. പി. സി. ജോർജ്
,, റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൂടംകുളം വൈദ്യുത പദ്ധതിയുമായി ബന്ധപ്പെട്ട് നടക്കുന്ന വിവിധ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് അറിയാമോ ;

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ജനങ്ങൾക്കുണ്ടായിട്ടുള്ള ആശങ്കകൾ ദൂരീകരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടന്ന് വ്യക്തമാക്കാമോ ;

(സി) ഇതു സംബന്ധിച്ചുള്ള കമ്മിറ്റി റിപ്പോർട്ട് ലഭ്യമായതായി അറിവുണ്ടോ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>നിർമ്മാണത്തിലിരിക്കുന്ന വൈദ്യുത പദ്ധതികൾ</u>

6206 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വൈദ്യുതി ബോർഡിൻ കീഴിൽ ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന പദ്ധതികളുടെ എണ്ണം എത്രയെന്നും പദ്ധതികൾ ഏതൊക്കെയെന്നും വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതികളിലൂടെ എത്ര മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാനാണ് ലക്ഷ്യമിടുന്നതെന്നും അടുത്ത രണ്ട് വർഷത്തിനുള്ളിൽ സംസ്ഥാന ഗ്രിഡിലേയ്ക്ക് എത്ര മെഗാവാട്ട് കൂട്ടിച്ചേർക്കാൻ കഴിയുമെന്നുമാണ് പ്രതീക്ഷിക്കുന്നത്;

(സി) ഈ പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിന് ആവശ്യമായ സിവിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരെ നിയോഗിച്ചിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ എത്ര പേരുടെ കുറവുണ്ട് എന്നും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ഒഴിവുകൾ അടിയന്തിരമായി നികത്തുന്നതിന് എന്തു നടപടികളാണ് വൈദ്യുതി ബോർഡ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 31.10.2011-ലെ മറുപടിക്ക്

<u>ശബരിമലയിൽ അടിസ്ഥാന സൗകര്യങ്ങൾ</u>

6207 ശ്രീ. കെ. അച്ചുതൻ
,, വി. ഡി. സതീശൻ
,, ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വരുന്ന മണ്ഡലകാലത്ത് ശബരിമലയിൽ എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് വൈദ്യുതി ബോർഡ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ശബരിമലയിൽ വൈദ്യുതി പ്രസരണരംഗത്തെ കേടുപാടുകൾ പൂർത്തിയാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) ശബരിമല, പമ്പ, പാണ്ടിത്താവളം എന്നിവിടങ്ങളിൽ ആവശ്യമുള്ളത്ര ഫ്ളൂറസെന്റ് സോഡിയം ലാമ്പുകൾ സ്ഥാപിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ആയത് സ്ഥാപിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>ടേംസ് ആൻഡ് കണ്ടീഷൻ ഓഫ് സപ്ലൈകോഡിൽ ഭേദഗതി</u>

6208 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ. ബി. യുടെ ‘ടേംസ് ആൻഡ് കണ്ടീഷൻ ഓഫ് സപ്ലൈ കോഡി‘ലെ 26-ാം വകുപ്പ് പ്രകാരം അംഗീകരിക്കപ്പെട്ട പ്ലഗ് പോയിന്റിൽ ഗാർഹിക ഉപകരണം കുത്തി ഉപയോഗിക്കുന്നത് □അനധികൃതം□ എന്ന് കാണിച്ചിട്ടുളളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ അന്യായ വ്യവസ്ഥ കാരണം ഉപഭോക്താക്കൾ പീഡിപ്പിക്കപ്പെടുന്നതായ പരാതികൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(സി) ഇതു സംബന്ധിച്ച ചട്ടങ്ങളിൽ ഗാർഹിക ഉപഭോക്താക്കളെ ഒഴിവാക്കി ഭേദഗതി വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>കോൾ മേഖലയിലെ കർഷകർക്ക് വൈദ്യുതി കണക്ഷൻ</u>

6209 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വെള്ളം പമ്പ് ചെയ്ത് വറ്റിച്ച് കൃഷി ചെയ്യുന്ന കോൾ മേഖലയിലെ കർഷകർക്ക് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന് ഭീമമായ തുക ഇലക്ട്രിസിറ്റി ബോർഡിൽ കെട്ടിവെക്കണമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് ഭീമമായ തുക കെട്ടിവെക്കുന്നതിൽ നിന്നും കോൾ മേഖലയിലെ കർഷകരെ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 31.10.2011-ലെ മറുപടിക്ക്

<u>വൈദ്യുതി അപകടങ്ങൾ</u>

6210 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഒരു വർഷം കേരളത്തിൽ വിവിധ വൈദ്യുതി അപകടങ്ങളിലായി പരിക്കുപറ്റിയവരുടെയും മരണപ്പെട്ടവരുടെയും കണക്ക് വ്യക്തമാക്കുമോ;

(ബി) വർക്ക്മെൻ കോമ്പൻസേഷൻ ആക്ട് പ്രകാരം കെ. എസ്. ഇ. ബി.യ്ക്ക് എതിരെ എത്ര കേസ്സുകൾ നിലവിലുണ്ട്;

(സി) എത്ര തൊഴിലാളികൾക്ക് പ്രസ്തുത ആക്ട് പ്രകാരം നഷ്ടപരിഹാരം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) വൈദ്യുതി പ്രവാഹം പരിശോധിക്കാനായി ഡിജിറ്റൽ ടെസ്റ്റർ സംവിധാനം ഇപ്പോൾ നിലവിലുണ്ടോ;

(ഇ) ഇല്ലെങ്കിൽ ഇത് നടപ്പിലാക്കാനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>വേലൂർ സബ് എഞ്ചിനീയർ ആഫീസ്</u>

6211 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ കേച്ചേരി കെ.എസ്.ഇ.ബി സെക്ഷൻ ആഫീസിനു കീഴിൽ വേലൂർ ആസ്ഥാനമായി സബ് എഞ്ചിനീയർ ആഫീസ് പ്രവർത്തിച്ചു വരുന്നുണ്ടോ ;

(ബി) ഈ ആഫീസിൽ ഏതെല്ലാം തസ്തികകളാണ് അനുവാദിച്ചിട്ടുള്ളത് ;

(സി) വേലൂർ ഗ്രാമപഞ്ചായത്തിൽ ഗാർഹിക, കാർഷിക, വ്യവസായ കണക്ഷൻ നിലവിൽ എത്ര എണ്ണം വീതമുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) ഗുണഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനായി വേലൂർ സബ് എഞ്ചിനീയർ ആഫീസ് അപ്ഗ്രേഡ് ചെയ്ത് സെക്ഷൻ ആഫീസ് അക്കി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഇ) എങ്കിൽ ആയതിന്റെ വിശദാംശം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

ചുള്ളിയാർ 400 കെ.വി സബ്സ്റ്റേഷൻ മാറ്റാനുള്ള തീരുമാനം

6212 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ മുതലമട പഞ്ചായത്തിലുള്ള ചുള്ളിയാറിൽ പവർഗ്രിഡ് കോർപ്പറേഷൻ മുഖേന നിർമ്മിക്കാൻ തീരുമാനിച്ച 400 കെ. വി. സബ്സ്റ്റേഷൻ എലപ്പുള്ളിയിലേക്ക് മാറ്റുന്നതിന് ഉത്തരവ് നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഉത്തരവിന്റെ പകർപ്പ് നൽകുമോ ;

(സി) ചുള്ളിയാർ ഡാമിലെ 400 കെ. വി. സബ്സ്റ്റേഷൻ എലപ്പുള്ളിയിലേക്ക് മാറ്റാൻ കാരണമെന്താണെന്ന് വിശമാക്കുമോ ;

(ഡി) ഈ പദ്ധതിക്ക് സിംഗിൾ ലൈൻ വലിക്കുന്നതിന് പകരം ഡബിൾ ലൈൻ വലിക്കുന്നതിന്റെ ഉദ്ദേശ്യം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>കാഞ്ഞങ്ങാട് മണ്ഡലത്തിലെ സമ്പൂര്‍ണ്ണ വൈദ്യുതീകരണം</u>

6213 ശ്രീ. ഇ. ചന്ദ്രശേഖരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തില്‍ സമ്പൂര്‍ണ്ണ വൈദ്യുതീകരണ പദ്ധതി പ്രകാരം എത്ര പ്രവൃത്തികളാണ് അംഗീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതില്‍ എത്രയെണ്ണം പൂര്‍ത്തിയായി എന്നും ഏതെല്ലാം പ്രവൃത്തികളാണ് ബാക്കിയുള്ളതെന്നും വ്യക്തമാക്കാമോ;

(സി) പദ്ധതിയനുസിച്ച് എം.എല്‍.എ.ഫണ്ട്, വൈദ്യുതി ബോര്‍ഡ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങള്‍ എന്നിവയുടെ വിഹിതം എത്ര രൂപ വീതമാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഏതെങ്കിലും ഭാഗത്തുനിന്നുള്ള വിഹിതം അടയ്ക്കുവാന്‍ വീഴ്ച വന്നിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഇ) എങ്കില്‍ പ്രസ്തുത വീഴ്ച പരിഹരിച്ച് സമ്പൂര്‍ണ്ണ വൈദ്യുതീകരണം പൂര്‍ത്തിയാക്കാന്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

ബിനാനി സിങ്ക് ലിമിറ്റഡ്ന്റെ വൈദ്യുതി കുടിശ്ശിക

6214 ശ്രീ. ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബിനാനി സിങ്ക് ലിമിറ്റഡ് സംസ്ഥാന വൈദ്യുതി ബോർഡിന് എത്ര തുക വൈദ്യുതി കുടിശ്ശികയായി നൽകാനുണ്ട്;എന്ന് വ്യക്തമാക്കാമോ ;

(ബി) കുടിശ്ശിക തീർക്കുന്നതിനായി ഇവർ സംസ്ഥാന വൈദ്യുതി ബോർഡുമായി മുൻ ഗവൺമെന്റിന്റെ കാലത്ത് എന്തെങ്കിലും കരാറിൽ ഏർപ്പെട്ടിരുന്നോ ;

(സി) കുടിശ്ശിക തീർക്കാൻ ഏതെങ്കിലും വസ്തു നൽകാമെന്ന് പറഞ്ഞിട്ടുണ്ടോ; പ്രസ്തുത വസ്തുവിന്റെ മാർക്കറ്റ് വില വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

വീടിനു മുകളിലൂടെയുള്ള വൈദ്യുതിലൈനുകൾ

6215 ശ്രീ.ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ വ്യക്തികളുടെ സ്ഥലത്തിലൂടെയും വീടിനു മുകളിലൂടെയും കടന്നുപോകുന്ന വൈദ്യുതി ലൈൻ മാറ്റി സ്ഥാപിക്കാനുള്ള ചെലവ് ആരാണ് വഹിക്കേണ്ടത് ;

(ബി) 10 സെന്റിൽ കുറഞ്ഞ സ്ഥലത്ത് വീടുവച്ചിട്ടുള്ളവരുടെ വീടിനുമുകളിലൂടെ വൈദ്യുതി ലൈൻ കടന്നുപോകുന്നത് പൊതുവഴിയിലേക്ക് മാറ്റി സ്ഥാപിക്കാൻ കെ.എസ്.ഇ.ബി. നടപടി സ്വീകരിക്കുമോ ;

(സി) എങ്കിൽ ആയതിന്റെ വിശദാംശം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>ഷൊര്‍ണ്ണൂര്‍ മണ്ഡിലത്തിലെ സമ്പൂര്‍ണ്ണ വൈദ്യുതീകരണം</u>

6216 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഷൊര്‍ണ്ണൂര്‍ മണ്ഡലത്തിലെ സമ്പൂര്‍ണ്ണ വൈദ്യുതീകരണ പദ്ധതി ഇപ്പോള്‍ ഏതു ഘട്ടത്തിലാണ്;

(ബി) എത്ര വീടുകള്‍ ഇതിനകം വൈദ്യുതീകരിച്ചു;

(സി) പ്രസ്തുത പദ്ധതി പ്രകാരം ഷൊര്‍ണ്ണൂര്‍ മണ്ഡലത്തില്‍ വൈദ്യുതീകരണം പൂര്‍ത്തിയാകാത്ത വീടുകളില്‍ വൈദ്യുതീകരണം എന്ന് പൂര്‍ത്തിയാക്കാനാകും എന്ന് വ്യക്തമാക്കാമോ;

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>ഗാര്‍ഹിത ഉപഭോക്താക്കള്‍</u>

6217 ശ്രീ. അബ്ദുറഹിമാന്‍ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 120 യൂണിറ്റുവരെ വൈദ്യുതി ഉപയോഗിക്കുന്നവരെ സര്‍ചാര്‍ജില്‍ നിന്ന് ഒഴിവാക്കപ്പെടുമെന്നിരിക്കെ പ്രസ്തുത ആനുകൂല്യം സാധാരണഗതിയില്‍ എത്ര ലക്ഷം ഗാര്‍ഹിക ഉപഭോക്താക്കള്‍ക്ക് പ്രയോജനപ്പെടുമെന്ന് വ്യക്തമാക്കാമോ ;

(ബി) കെ.എസ്.ഇ.ബിയുടെ കണക്കുകള്‍ പ്രകാരം ഗാര്‍ഹിക ഉപഭോക്താക്കളില്‍ എത്ര ലക്ഷം പേര്‍ സര്‍ചാര്‍ജ് നല്‍കേണ്ടിവരുമെന്ന് വ്യക്തമാക്കാമോ ;

(സി) 120 യൂണിറ്റ്വരെ ഉപയോഗിക്കുന്നവരെ സര്‍ചാര്‍ജില്‍ നിന്ന് ഒഴിവാക്കിയാല്‍ അതിനു പകരമായി സര്‍ക്കാര്‍ എത്ര കോടി രൂപ കെ.എസ്.ഇ.ബി ക്ക് നല്‍കേണ്ടി വരുമെന്ന് വ്യക്തമാക്കാമോ ;

(ഡി) ബോര്‍ഡിന്റെ വരുമാനത്തിന്റെ എഴുപതു ശതമാനവും വാണിജ്യ വ്യാവസായിക ഉപഭോക്താക്കളില്‍ നിന്നാണോ ലഭിക്കുന്നത്; വ്യക്തമാക്കാമോ ;

(ഇ) എങ്കില്‍ ഗാര്‍ഹിക ഉപഭോക്താക്കള്‍ക്ക് പരിധി നിശ്ചയിക്കുകയും മറ്റുള്ള വിഭാഗങ്ങള്‍ക്കും സര്‍ചാര്‍ജ് ഏര്‍പ്പെടുത്തുകയും ചെയ്താല്‍ ബോര്‍ഡിന് വരുമാനം വര്‍ദ്ധിപ്പിക്കാനും ഇടത്തരം ഉപഭോക്താക്കള്‍ക്ക് ഇളവനുവദിക്കാനും കഴിയും എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ; വിശദാംശങ്ങള്‍ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>വൈദ്യുതി കുടിശ്ശികയും വൈദ്യുതി മോഷണവും</u>

6218 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2006 ഏപ്രിൽ മാസം 30-ാം തീയതിയിലെ കണക്ക് പ്രകാരം വിദ്യുച്ഛക്തി ചാർജിനത്തിൽ സംസ്ഥാന സർക്കാരിന് എത്ര രൂപ കുടിശ്ശിക പിരിഞ്ഞുകിട്ടുവാനുണ്ടായിരുന്നു; പ്രസ്തുത കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) 2011 മാർച്ച് 31-ാം തീയതിയിലെ കണക്ക് പ്രകാരം വൈദ്യുതി ചാർജ് കുടിശ്ശിക എത്രയായിരുന്നു; വിശദമാക്കാമോ;

(സി) 2006-2011 കാലയളവിൽ കണ്ടുപിടിച്ച വൈദ്യുതി മോഷണമെത്ര; എത്ര രൂപ പിഴയായി ഈടാക്കി എന്നിവ വ്യക്തമാക്കാമോ;

(ഡി) 2011 ജൂൺ 1 മുതൽ സെപ്റ്റംബർ 30 വരെ എത്ര വൈദ്യുതി മോഷണങ്ങൾ കണ്ടുപിടിച്ചു; എത്ര രൂപ പിഴയായി ഈടാക്കി എന്നിവ വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 31.10.2011-ലെ മറുപടിക്ക്

<u>മീറ്റർ വാടക</u>

6219 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവകുപ്പ്വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിസിറ്റി ബോർഡ് ഉപഭോക്താക്കൾക്ക് നൽകുന്ന മീറ്ററിന്റെ മൂല്യം എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) മീറ്ററിന്റെ മൂല്യത്തിന് തത്തുല്യമായ തുക മീറ്റർ വാടക ഇനത്തിൽ അടച്ചുകഴിഞ്ഞ ഉപഭോക്താക്കൾക്ക് വാടക ഒഴിവാക്കി കൊടുക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) ഇല്ലെങ്കിൽ ഉപഭോക്താക്കൾക്ക് മൊത്തം തുക അടച്ച് മീറ്റർ വാങ്ങിക്കാനുള്ള സൗകര്യം ഏർപ്പെടുത്തുമോ?

# കേരള നിയമസഭ
# 31.10.2011-ലെ മറുപടിക്ക്

<u>അനർട്ട് ആവിഷ്ക്കരിച്ച പദ്ധതികൾ</u>

6220 ശ്രീ. വി. പി. സജീന്ദ്രൻ
,, പി. എ. മാധവൻ
,, പാലോട് രവി
,, ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുജനങ്ങൾക്ക് സൗരോർജ്ജ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനുള്ള സാങ്കേതിക സഹായവും അവ സ്ഥാപിച്ചു നൽകുന്നതിന് അനർട്ട് ആവിഷ്ക്കരിച്ച പദ്ധതികളും എന്തെല്ലാമാണ് ;

(ബി) ഈ പദ്ധതികൾ നടപ്പാക്കുന്നതിന് സന്നദ്ധ സംഘടനകളുമായും മറ്റ് ഏജൻസികളുമായും സഹകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) എന്തെല്ലാം ഉപകരണങ്ങളാണ് ഈ പദ്ധതി വഴി നൽകാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ

## 31.10.2011-ലെ മറുപടിക്ക്

<u>വൈദ്യുതി പോസ്റ്റുകളിൽ സ്ഥാപിച്ചിട്ടുള്ള
പരസ്യ ബോർഡുകൾ</u>

6221 ശ്രീ. ബെന്നി ബെഹനാൻ
,, വി. റ്റി. ബൽറാം
,, എ. പി. അബ്ദുള്ളക്കുട്ടി
,, ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി പോസ്റ്റുകളിൽ സ്ഥാപിച്ചിട്ടുള്ള പരസ്യ ബോർഡുകൾക്ക് അനുമതി നൽകിയിട്ടുള്ളതാണോ ;

(ബി) ഇത്തരം പരസ്യബോർഡുകൾ അപകടങ്ങൾ ക്ഷണിച്ചുവരുത്തുന്നതായും കെ.എസ്.ഇ.ബിക്ക് അറ്റകുറ്റപ്പണികൾ നടത്തുന്നതിന് തടസ്സം സൃഷ്ടിക്കുന്നതായും കരുതുന്നുണ്ടോ ;

(സി) പോസ്റ്റുകളിൽ സ്ഥാപിച്ചിട്ടുള്ള പരസ്യബോർഡുകൾ നീക്കം ചെയ്യാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ?